"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വയനാട്- മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരിൽ ജീവനോപാധി നഷ്ടപ്പെട്ടുന്ന കുടുംബങ്ങൾക്ക് CMDRF ൽ നിന്ന് അനുവദിക്കുന്ന ധനസഹായം പരമാവധി 90 ദിവസത്തേയ്ക്ക് അനുവദിക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.955/2024/DMD തീയതി,തിരുവനന്തപുരം, 16-12-2024

---

പരാമർശം:-
1.സഉ(കൈ)നം.06 /2023 /ഡിഎംഡി തീയതി 18 /06 /2023
2. സഉ(സാധാ)നം.589/2024/ഡിഎംഡി തീയതി 09/08/2024
3. സഉ(സാധാ)നം.842/2024/ഡിഎംഡി തീയതി 13/11/2024

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വീതം SDRF ൽ നിന്നും അനുവദിക്കുന്നതിനും ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള /കിടപ്പുരോഗികൾ ഉള്ള കുടംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്നതിനും പരാമർശം(1) പ്രകാരം അനുമതി നല്കിയിരുന്നു.

മേൽ ധനസഹായത്തിൽ SDRF ൽ നിന്നും അനുവദിക്കുന്ന ധനസഹായം പരമാവധി 90 ദിവസം വരെ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ 2 വ്യക്തികൾക്ക് വീതം SDRF ൽ നിന്ന് അനുവദിക്കുന്ന ധനഹായം പരമാവധി 90 ദിവസത്തേയ്ക്ക് വർദ്ധിപ്പിച്ച് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള/ കിടപ്പുരോഗികൾ ഉള്ള കുടംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്ന ധനസഹായം 60 ദിവസത്തേയ്ക്ക് കൂടി (പരമാവധി 90 ദിവസം) അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
റവന്യൂ(ഡിആർഎഫ് (എ), ഡിആർഎഫ് (സി) വകുപ്പുകൾക്ക്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 16-12-2024 17:18:17**

സെക്ഷൻ ഓഫീസർ